# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6524 — 8.11.2016 ൽ മറുപടിയ്ക്ക്

### ആയുർവേദ മർമ്മ വിഭാഗത്തെ ശക്തിപ്പെടുത്തുവാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ ചികിത്സ തേടിയെത്തുന്ന രോഗികളിൽ ഏറെയും മർമ്മ ചികിത്സാ വിഭാഗത്തിലായിട്ടും മർമ്മ മെഡിക്കൽ ഓഫീസർമാരുടെ 16 തസ്തികകൾ മാത്രമേ സംസ്ഥാനത്താകെയുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. പരിശോധിച്ച് വരുന്നു. |
| (സി) | കേരളത്തിലെ ഏക മർമ്മ ആശുപത്രിയിൽ രോഗികൾക്ക് ആനുപാതികമായി മർമ്മവിഭാഗം ഡോക്ടർമാർ ഇല്ലാത്തതുകാരണം ചികിത്സ തേടിയെത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കേരളത്തിലെ 20 ബെഡ്ഡിൽ കൂടുതലുള്ള ആയുർവേദ ആശുപത്രികളിൽ, അലോപ്പതി ആശുപത്രികളിലെപ്പോലെ 2 സ്പെഷ്യാലിറ്റി ഡോക്ടർമാരെയെങ്കിലും നിയോഗിക്കുകയും മർമ്മ വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്യുമോ? | (ഡി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ